• പ്രഫ. യാസീൻ അശ്റഫ്



# മാധ്യമങ്ങളുടെ ഇസ്‌ലാംവേട്ട

‘**ലോക** വ്യാപാരകേന്ദ്രം’ എന്ന ന്യൂയോർക്ക് കെട്ടിടദ്വയം തകർക്കപ്പെട്ടതിന്റെ റിപ്പോർട്ടുകൾക്കൊപ്പം ഇസ്രയേലിലെ *ജറൂസലം പോസ്റ്റ*ടക്കമുള്ള പത്രങ്ങൾ 2001 സെപ്റ്റംബർ 12-ന് ഒരു ഫോട്ടോ പ്രദർശിപ്പിച്ചു. ചാനലുകൾ മുക്കാൽമിനുട്ട് ആ ദൃശ്യം ആവർത്തിച്ച് കാണിച്ചു. അമേരിക്കയിലെ പ്രധാന ചാനലുകളിലും അതു വന്നു.

ഹിജാബ് ധരിച്ച ഒരു മുതിർന്ന അറബി വനിത നൃത്തംചെയ്യുന്നതാണ് രംഗം. ഏതാനും പുരുഷന്മാർ പൊട്ടിച്ചിരിച്ച് അടുത്തുനിൽപ്പുണ്ട്. ഫലസ്ത്വീൻ പതാകകളേന്തി കുറേ ബാലന്മാർ ഉറക്കെ ആർത്തുചിരിക്കുന്നു.

ലോകത്തെ ഞെട്ടിച്ച ഭീകരാക്രമണത്തിന്റെ വാർത്തയോടൊപ്പം, ആക്രമണകാരികൾ ഫലസ്ത്വീനികളാകാമെന്ന ഊഹമാണ് ഇതിലൂടെ മാധ്യമങ്ങൾ നൽകിയത്. ഫലസ്ത്വീനികൾക്കും അറബികൾക്കും മുസ്‌ലിംകൾക്കുമെതിരെ അതിശക്തമായ ധാർമികരോഷം ഉൽപാദിപ്പിക്കാനുള്ള ശേഷി അതിനുണ്ടായിരുന്നു.

ആ ചിത്രം സന്ദർഭത്തിൽനിന്ന് അടർത്തിയെടുത്താണ് കാണിച്ചതെന്നത് മറ്റൊരു വിഷയം. ഏതോ ആഘോഷത്തിന്റേതാകാം അത്. ഫലസ്ത്വീൻ അതോറിറ്റി പ്രസിഡന്റ് യാസിർ അറഫാത്തടക്കം ഉത്തരവാദപ്പെട്ട നേതാക്കൾ ഭീകരാക്രമണത്തെ അപലപിച്ചെങ്കിലും, ആ ഒരു കുസൃതിദൃശ്യം 35 ലക്ഷം ഫലസ്ത്വീൻകാർക്കും ആഗോളമുസ്‌ലിംകൾക്കും കുത്തിക്കൊടുത്ത ചാപ്പയായി. ഭീകരപ്രവർത്തനത്തെപ്പറ്റിയുള്ള ഒരു ഫീച്ചറിനൊപ്പം *ന്യൂയോർക്ക് ടൈംസ്* ചേർത്ത ഫോട്ടോ, ഒരു അറബി പയ്യൻ തന്റെ പിതാവിന്റെ കടക്കുമുമ്പിൽ തോക്കുപിടിച്ച് നിൽക്കുന്നതായിരുന്നു. അതുപോലും ഫോട്ടോഗ്രാഫർ ആ കുട്ടിയെക്കൊണ്ട് അഭിനയിപ്പിച്ചതും!

ഇത്തരം അനേകം ചിത്രങ്ങൾ, നിരവധി കഥകൾ, വളച്ചുകെട്ടിയ ചിത്രീകരണങ്ങൾ, കെട്ടിച്ചമച്ച റിപ്പോർട്ടുകൾ. കേരളത്തിലെ ഇതര സമുദായക്കാരായ നല്ല അയൽക്കാർപോലും മുസ്‌ലിമെന്നനിലക്ക് അടുത്ത വീട്ടുകാരനെ വിലയിരുത്തുന്നത് ആഗോള ഭീകരതയുടെ ചെറിയൊരു കണ്ണിയായിട്ടാകാം. കാരണം കൺമുന്നിലെ സത്യങ്ങളോ അനുഭവങ്ങളോ അല്ല, ഭൂഗോളത്തിന്റെ മറു പകുതിയിൽനിന്ന് ആരൊക്കെയോ ഉണ്ടാക്കി വിടുന്ന ചിത്രങ്ങളാണ് മുസ്‌ലിമിന്റെ നിർവചനമെന്നു വന്നിരിക്കുന്നു. മതേതര ദേശീയ ഇംഗ്ലീഷ് പത്രം മുതൽ ദേശീയ സുരക്ഷാ ഉപദേഷ്ടാവുവരെ പറഞ്ഞും സൂചിപ്പിച്ചും കൊണ്ടിരിക്കുന്നത് ‘ഇസ്‌ലാമിക ഭീകരത’യെക്കുറിച്ചാണ്. തൊട്ടടുത്തുനിൽക്കുന്ന മുസ്‌ലിമിനെ വിളിക്കാനുള്ള ഓമനപ്പേര് ജോർജ് ബുഷ് ആണ് നമുക്ക് പറഞ്ഞു തരുന്നത്. സഹപ്രവർത്തകനെ കണ്ടറിയാനുള്ള കണ്ണട മെയ്ഡ് ഇൻ അമേരിക്കയാണ്. സഹോദര സമുദായത്തെ അറിയാനുള്ള വഴി അവരുമായുള്ള നിത്യസമ്പർക്കമല്ല, ഏതോ മാധ്യമങ്ങളും ഇസ്‌ലാംവേട്ട ഫാഷനാക്കിയവരും പറഞ്ഞുകൊണ്ടിരിക്കുന്ന കഥകളാണ്.


### ഭീകരതയുമായി കണ്ണിചേർക്കുന്നത് ഇസ്‌ലാമിനെ മാത്രം

അയർലൻഡിലെ ഐ.ആർ.എ, ശ്രീലങ്കയിലെ എൽ.ടി.ടി.ഇ, ജപ്പാനിലെ ഓംഷിന്റിക്കോ തുടങ്ങിയവ ഭീകരപ്രവർത്തനം കർമരീതിയാക്കിയവരാണ്. പക്ഷേ, അവരുടെ അക്രമങ്ങൾ മതത്തോടുചേർത്തു പറയാറില്ല. 1889-നും 1909-നുമിടക്ക് 1700 കറുത്തവർഗക്കാരെ അമേരിക്കയിൽ കൂട്ടക്കൊലചെയ്ത വെള്ള വർണവെറിയന്മാരെ ക്രിസ്ത്യൻ ഭീകരരായി ചരിത്രം വിശേഷിപ്പിക്കുന്നില്ല. 1946-ൽ ജറൂസലമിലെ കിംഗ് ഡേവിഡ് ഹോട്ടൽ ബോംബുവെച്ച് തകർത്ത് 91 ബ്രിട്ടീഷ് പട്ടാളക്കാരെയും ബ്രിട്ടീഷ്, ജൂത, അറബി സിവിലിയന്മാരെയും ജൂത തീവ്രവാദികൾ കൂട്ടക്കൊല ചെയ്തതാണ് ഫലസ്ത്വീൻ-ഇസ്രയേൽ പ്രദേശത്തെ ഏറ്റവും കൊടിയ ഭീകരാക്രമണം. അതിനെ പക്ഷേ ജൂത ഭീകരതയായി ആരും കാണുന്നില്ല.


1948-ൽ ഒരു ഫലസ്ത്വീൻ ഗ്രാമത്തിൽ, കുട്ടികളും സ്ത്രീകളുമടക്കം 247 സാധാരണക്കാരെ കൂട്ടക്കശാപ്പുചെയ്ത് നാ



നെയ്പോൾ



റോബർട്സൻ



അരുൺ ഷൂരി



ആനന്ദ്

ട്ടുകാരെ നാടുവിട്ടോടാൻ നിർബന്ധിച്ച ഭീകരാക്രമണം ജൂത ഭീകരതയായി എണ്ണപ്പെട്ടില്ല. 1963-ൽ ബർമിങ്ഹാം ചർച്ചിൽ നാലുപെൺകുട്ടികളുടെ മരണത്തിനിടയാക്കിയത് വർണവെറിയന്മാരായ ക്രൈസ്തവ ഭീകരർ വെച്ച ബോംബാണെന്ന് ആരും പറയാറില്ല. വടക്കൻ അയർലൻഡിൽ യു.എസ്, ബ്രിട്ടീഷ് ഗ്രൂപ്പുകളുടെ പിന്തുണയോടെ 1969-1994 കാലഘട്ടത്തിൽ സ്ഫോടനങ്ങളും കൂട്ടക്കൊലകളും നടത്തിയത് കത്തോലിക്കരും പ്രൊട്ടസ്റ്റന്റുമടങ്ങുന്ന ക്രൈസ്തവ ഭീകരരായിരുന്നെങ്കിലും ആ പേര് അവർക്ക് വീണിട്ടില്ല. 1982-ൽ ഫലസ്ത്വീൻ അഭയാർഥി ക്യാമ്പുകളിൽ (കുട്ടികളും സ്ത്രീകളുമായിരുന്നു കൂടുതൽ) കടന്നുചെന്ന് 800 പേരെ കൊന്നത് ലബനീസ് ക്രൈസ്തവ മിലീഷ്യകളായിരുന്നു. പക്ഷേ, അത് ക്രൈസ്തവ ഭീകരതയായി കണക്കാക്കിയില്ല.

ഗർഭഛിദ്ര ക്ലിനിക്കുകളിലെ രണ്ടു റിസപ്ഷനിസ്റ്റുകളെയും(1994) രണ്ടു ക്ലിനിക്ക് ജീവനക്കാരെയും(1995) മൂന്നു ഡോക്ടർമാരെയും(1993-98) കൊന്നുകളഞ്ഞവർ ഗർഭഛിദ്ര വിരുദ്ധ ക്രൈസ്തവ ഗ്രൂപ്പുകാരായിരുന്നു! അത് ക്രൈസ്തവ തീവ്രവാദമായി എണ്ണിയില്ല. 1995-ൽ ഒക്‌ലഹോമ സിറ്റിയിൽ സ്ഫോടനം നടത്തി 168 പേരുടെ മരണത്തിനിടയാക്കിയ തിമിത്തി മക്‌വൈയെ അമേരിക്കൻ ക്രൈസ്തവ ഭീകരനെന്ന് വിളിച്ചിട്ടില്ല. 1990-കളിൽ തപാൽ ബോംബുകളയച്ച് മൂന്ന് അമേരിക്കക്കാരെ കൊന്ന തിയഡോർ കചിൻസ്കി ക്രൈസ്തവ ഭീകരനെന്ന ബഹുമതി നേടിയില്ല.

1896 മുതൽ 2001 വരെ ഇറങ്ങിയ, അറബ്-മുസ്‌ലിം കഥാപാത്രങ്ങളും ഇതിവൃത്തങ്ങളുമുള്ള 900 ചലചിത്രങ്ങൾ പഠനവിധേയമാക്കിയ ഡോ. ജാക്ക് ഷഹീന്റെ കണ്ടെത്തലുകൾ Reel Bad Arabs എന്ന പുസ്തകത്തിലുണ്ട്. മഹാ ഭൂരിപക്ഷം ഫിലിമിലും, അറബികളെയും മുസ്‌ലിംകളെയും മോശമായിട്ടാണ് കാണി

**കൺമുന്നിലെ സത്യങ്ങളോ അനുഭവങ്ങളോ അല്ല, ഭൂഗോളത്തിന്റെ മറു പകുതിയിൽനിന്ന് ആരൊക്കെയോ ഉണ്ടാക്കി വിടുന്ന ചിത്രങ്ങളാണ് മുസ്‌ലിമിന്റെ നിർവചനമെന്നു വന്നിരിക്കുന്നു. മതേതര ദേശീയ ഇംഗ്ലീഷ് പത്രം മുതൽ ദേശീയ സുരക്ഷാ ഉപദേഷ്ടാവുവരെ പറഞ്ഞും സൂചിപ്പിച്ചും കൊണ്ടിരിക്കുന്നത് 'ഇസ്‌ലാമിക ഭീകരത'യെക്കുറിച്ചാണ്. തൊട്ടടുത്തു നിൽക്കുന്ന മുസ്‌ലിമിനെ വിളിക്കാനുള്ള ഓമനപ്പേര് ജോർജ് ബുഷ് ആണ് നമുക്ക് പറഞ്ഞു തരുന്നത്. സഹപ്രവർത്തകനെ കണ്ടറിയാനുള്ള കണ്ണട മെയ്ഡ് ഇൻ അമേരിക്കയാണ്. സഹോദര സമുദായത്തെ അറിയാനുള്ള വഴി അവരുമായുള്ള നിത്യസമ്പർക്കമല്ല, ഏതോ മാധ്യമങ്ങളും ഇസ്‌ലാംവേട്ട ഫാഷനാക്കിയവരും പറഞ്ഞുകൊണ്ടിരിക്കുന്ന കഥകളാണ്.**

ച്ചത്. ഈ പ്രതിഛായ ഉൾക്കൊണ്ടാണ് തലമുറ വളരുന്നത്. 2001-ന് ശേഷമാകട്ടെ മുസ്‌ലിം വിരുദ്ധ സിനിമകളുടെയും ഇലക്ട്രോണിക് ഗെയിമുകളുടെയും മഹാവിസ്ഫോടനംതന്നെ സംഭവിക്കുകയും ചെയ്തു.

ഇന്ത്യയിൽ ദയൂബന്ത്, ദാറുൽ ഉലൂം പോലുള്ള മതപഠനശാലകൾ ഒരു കാലത്ത് ബ്രിട്ടീഷ് അധിനിവേശത്തിനെതിരെയും സ്വതന്ത്ര ഇന്ത്യയിൽ മതനിരപേക്ഷതക്ക് സഹായകമായും നിലകൊണ്ടു എന്നത് ചരിത്രം. എന്നാൽ പാശ്ചാത്യ 'ഭീകരവിരുദ്ധത' അതിർത്തി കടന്നെത്തിയതോടെ അതിനുപോലും ഭീകരമുദ്ര വെറുതെ ചാർത്തിക്കിട്ടുന്നു. തബ്‌ലീഗ് ജമാഅത്ത് പോലുള്ള പ്രസ്ഥാനങ്ങളുടെ പ്രവർത്തകരെപ്പോലും ഭീകരബന്ധത്തിൽ കണ്ണിചേർത്തുപറയാൻ പ്രവീൺ സ്വാമിമാർക്ക് കഴിയുന്നു.

'ഇസ്‌ലാമോഫോബിയ' അഥവാ ഇസ്‌ലാം വിദ്വേഷം ഏറ്റവും കൂടുതലുള്ളത് അമേരിക്കയിലും യൂറോപ്പിലുമാണ്. അതേസമയം ഇസ്‌ലാമിലും മുസ്‌ലിംകളിലും ആരോപിക്കുന്ന 'ഭീകരത' യഥാർഥത്തിൽ ഇല്ലെന്ന് പഠനങ്ങൾ തെളിയിക്കുന്നുണ്ട്. 2007 ഏപ്രിലിൽ പുറത്തുവന്ന യൂറോപോൾ (യൂറോപ്യൻ പൊലീസ് ഓഫീസ്) റിപ്പോർട്ട് ഉദാഹരണം. യൂറോപ്യൻ യൂനിയനിലെ ഭീകര പ്രവൃത്തികളെക്കുറിച്ചുള്ള ആദ്യ റിപ്പോർട്ടാണിത്. മുൻ വർഷം ഈ രാജ്യങ്ങളിൽ 'ഭീകരാക്രമണങ്ങൾ' എന്ന് വിവരിക്കപ്പെട്ട 498 സംഭവങ്ങളുണ്ടായി. ഒന്നിൽ ജീവഹാനിയുമുണ്ടായി; മാഡ്രിഡിൽ രണ്ടുപേർ കൊല്ലപ്പെട്ട സംഭവം. ഇതടക്കം 136 ഭീകരാക്രമണങ്ങൾ സ്പെയിനിലെ ക്രൈസ്തവരടങ്ങുന്ന തീവ്ര ഇടതുപക്ഷ 'ബാസ്ക്' വിഘടനവാദികളാണ് നടത്തിയത്. ഒരൊറ്റ ഭീകരാക്രമണമാണ് മുസ്‌ലിം ഗ്രൂപ്പിന്റെ വകയായി നടന്നത്. ജർമനിയിലായിരുന്നു അത്. എന്നാൽ മാധ്യമങ്ങളിൽ ഭീകരതയെ ഇസ്‌ലാമുമായി ചേർത്തുപറയുന്ന റിപ്പോർട്ടുകളാണ് വന്നുകൊണ്ടിരുന്നത്.

2007 ഏപ്രിലിൽ നടന്ന ഒരു സംഭവം ശ്രദ്ധിക്കുക. ദക്ഷിണകൊറിയൻ കുടിയേറ്റക്കാരും ക്രൈസ്തവ വിശ്വാസികളുമായ കുടുംബത്തിലെ സൂങ് ഹൂയി ചോ അമേരിക്കയിലെ വെർജീനിയാ ടെക് യൂനിവേഴ്സിറ്റി കാമ്പസിൽ കടന്ന് രണ്ടു വെടിവെപ്പുകളിലായി 32 പേരെ കൊന്ന് ആത്മഹത്യ ചെയ്തു. അക്രമണത്തിനു കാരണമായി അയാൾ പറഞ്ഞത് ഇങ്ങനെ: 'നിങ്ങൾ കാരണമായി ഞാനിതാ ദുർബലരും അരക്ഷിതരുമായ തലമുറകൾക്ക് പ്രചോദനമായി യേശു ക്രിസ്തു

വിനെപ്പോലെ മരണം വരിക്കുന്നു.'

മതപരമായ പ്രചോദനം, ഹിംസ, ചാവേർ തുടങ്ങി 'മതഭീകരത'യുടെ ചേരുവകളുണ്ടായിട്ടും മാധ്യമങ്ങൾ 'ക്രൈസ്തവ മതമൗലികവാദത്തെ'പ്പറ്റി മിണ്ടിയില്ല. 'ഭീകരാക്രമണമെന്ന് തോന്നുന്നില്ല'എന്ന് ആദ്യ റിപ്പോർട്ടുകൾ തൊട്ടേ പറഞ്ഞുവെക്കുകയും ചെയ്തു. അയാൾ മനോരോഗിയായിരുന്നു എന്നത് സത്യം. മുമ്പ് മറ്റൊരു സംഭവത്തിലെ നായകൻ ബറൂച്ച് ഗോൾഡ്സ്റ്റെയിനെപ്പോലെ ചോയെയും മാധ്യമങ്ങൾ ആദ്യമേ 'മനോരോഗി'യാക്കി അവതരിപ്പിച്ചു. 1994ൽ ഹെബ്രോനിൽ 29 മുസ്‌ലിംകളെ പ്രാർഥന സ്ഥലത്തുവെച്ച് കൊന്നയാളാണ് ബ്രൂക്‌ലിൻകാരൻ ഡോക്ടർ ഗോൾഡ്സ്റ്റെയിൻ. മനോരോഗി ആണോ അല്ലേ എന്നതിനെക്കാൾ മുസ്‌ലിമോ അമുസ്‌ലിമോ എന്നു നോക്കിയാണ് ഭീകരമുദ്ര നൽകുന്നത് എന്ന് വ്യക്തം.

## കേരളത്തിലും പടിഞ്ഞാറൻ മാതൃക

ഈ പടിഞ്ഞാറൻ മാതൃക ഇവിടെയും അനുകരിക്കപ്പെടുന്നുണ്ട്. കേരളത്തിലെ കുപ്രസിദ്ധമായ തപാൽ ബോംബ് കേസിൽ ആദ്യം മുസ്‌ലിംകളെ സംശയിച്ചു. അത്രയുംകാലം അത് ഭീകരതയായി പത്രങ്ങളിൽ നിറഞ്ഞുനിന്നു. എന്നാൽ പ്രതി മുസ്‌ലിമല്ലെന്നു തെളിഞ്ഞതോടെ 'മനോരോഗ'മെന്ന വിശദീകരണമായി.

ഇന്ത്യയിൽ 'ഇസ്‌ലാമോഫോബിയ'യുടെ പ്രയോഗക്കാരിലൊരാളായി അറിയപ്പെടുന്ന നരേന്ദ്രമോഡിയെപ്പോലുള്ളവർ ഒരു വാദം മുന്നോട്ടുവെച്ചിട്ടുണ്ട്; 'എല്ലാ മുസ്‌ലിംകളും ഭീകരരല്ലായിരിക്കാം; പക്ഷേ, എല്ലാ ഭീകരരും മുസ്‌ലിംകളാണ്.' കാശ്മീരിലെ കലാപങ്ങൾ, അക്ഷർധാം ക്ഷേത്ര ആക്രമണം, അൻസൽ പ്ലാസ സംഭവം, കാണ്ഡഹാറിലേക്ക് ഇന്ത്യൻ എയർലൈൻസ് വിമാനം റാഞ്ചിയത്, പാർലമെന്റ് ആക്രമണം തുടങ്ങിയ സംഭവങ്ങൾ ഇതിനു തെളിവായി ചൂണ്ടിക്കാണിക്കുന്നു. ഇവയിലെല്ലാം മുസ്‌ലിംകളാണ് കുറ്റവാളികളെന്നത് അന്തിമമായി തെളിയിക്കപ്പെട്ടിട്ടില്ല എന്ന വസ്തുത ഇരിക്കട്ടെ. അൻസൽ പ്ലാസ സംഭവത്തിൽ പൊലീസ് ഭാഷ്യത്തെ ചോദ്യം ചെയ്ത് കുൽദീപ് നയാർ ദേശീയ മനുഷ്യാവകാശ കമീഷന് ഹരജി നൽകിയെങ്കിലും അതിന് മറുപടിയുണ്ടായില്ല. പ്രധാനമന്ത്രിയായിരുന്ന രാജീവ്ഗാന്ധിയെ ചാവേർ ആക്രമണത്തിൽ വധിച്ചതും, പഞ്ചാബിൽ പല ഭീകരാക്രമണങ്ങൾ സംഘടിപ്പിച്ച ഖലിസ്താൻ പ്രസ്ഥാനക്കാർ, വടക്കുകിഴക്കൻ പ്രദേശത്തെ ഭീകര ഗ്രൂപ്പുകൾ, ബോഡോലാൻഡ് ഡെമോക്രാറ്റിക് ഫ്രണ്ട്, ഓൾ ത്രിപുര ടൈഗർ ഫോഴ്സ് മുതലായവയൊന്നും മുസ്‌ലിം ഗ്രൂപ്പുകളല്ല – ഹിന്ദു, സിക്ക്, ക്രൈസ്തവ ഗ്രൂപ്പുകളാണ്.

കോഴിക്കോട് മിഠായിത്തെരുവ് സ്ഫോടനത്തിന് 'ഭീകര അട്ടിമറി' കാരണമായിരിക്കാനുള്ള സാധ്യത ഏറെക്കാലം മാധ്യമങ്ങൾ പരിഗണിച്ചു. പൊട്ടിത്തെറി നടന്ന കടയിൽനിന്ന് പടക്കം വാങ്ങിയ ഒരു കൊയിലാണ്ടിക്കാരൻ മുസ്‌ലിമിനെപ്പറ്റി ദുസ്സൂചനകളോടെ വാർത്തകൾ കൊടുത്തു ചില പത്രങ്ങൾ. സ്ഫോടനത്തിൽ ഗുരുതരമായി പരിക്കേറ്റ ഇദ്ദേഹം പിന്നീട് മരണപ്പെട്ടു.

അക്രമികൾ എല്ലാ സമുദായങ്ങളിലുമുണ്ട് എന്നതാണ് യാഥാർഥ്യം. എന്നാൽ അക്രമം നടക്കുമ്പോഴേക്കും അന്വേഷണം തുടങ്ങും മുമ്പേ 'മുസ്‌ലിം ഭീകരത' എന്ന് തീർപ്പുകൽപ്പിച്ചാണ് പലരുടെയും പോക്ക്. മുസ്‌ലിംകളുമായി സ്ഥിര സമ്പർക്കമുള്ള കോഴിക്കോടൻ പത്രലേഖകരെപ്പോലും മിഠായിത്തെരുവ് വഴിതെറ്റിച്ചത് ഉദാഹരണം.

## അതേ കുത്തുകൾ, അതേ ചിത്രം


തപാൽ ബോംബാകട്ടെ, മിഠായിത്തെരുവ് തീപ്പിടിത്തമാകട്ടെ, അധികൃതരുടെയും മാധ്യമങ്ങളുടെയും ആദ്യനിഗമനം മുൻകൂട്ടി കണ്ടുവെച്ച രേഖയിലൂടെയാണ് നീങ്ങിയത്. അട്ടിമറി, ഭീകരവാദി, മുസ്‌ലിം എന്നിവയാണ് ഈ രേഖയിലെ ചില ബിന്ദുക്കൾ. കുത്തുകൾ യോജിപ്പിച്ച് ചിത്രം പൂർത്തിയാക്കുന്ന പണിതന്നെ. ചിത്രം മുസ്‌ലിം ഭീകരവാദിയെന്ന് പൊതുസമൂഹം മനസ്സിലാക്കുന്നതിന് അവരെ കുറ്റപ്പെടുത്താനാവില്ല! കാരണം കുത്തുകൾ ആദ്യമേ ഇട്ടുവെച്ചിട്ടുള്ളത് ഈ ചിത്രം കിട്ടുന്ന തരത്തിലാണ്. അവ ഇട്ടുവെച്ചതാകട്ടെ കൊച്ചു കേരളത്തിലോ ഇന്ത്യയിലോ ഉള്ളവരല്ല. വർഷങ്ങളായി പടിഞ്ഞാറുനിന്ന് ഇറങ്ങിക്കൊണ്ടിരിക്കുന്ന വാർപ്പുകളിൽ ആ കുത്തുകൾ അങ്ങനെതന്നെ ഉറപ്പിച്ചുവെച്ചിട്ടുണ്ട്. 1995-ൽ ഒക്‌ലഹോമ സിറ്റിയിലെ കെട്ടിടത്തിലേക്ക് രാസവളം നിറച്ച ട്രക്ക് ഓടിച്ചുകയറ്റിയ സംഭവമെടുക്കുക. കെട്ടിടം സ്ഫോടനത്തിൽ തകർന്ന് 168 പേർ മരിക്കുകയും 500 പേർക്ക് പരിക്കേൽക്കുകയും ചെയ്തു. പടിഞ്ഞാറൻ മാധ്യമങ്ങൾ അമേരിക്കയിലെ മുസ്‌ലിംകളിലേക്കാണ് ചൂണ്ടുവിരലുയർത്തിയത്. യു.എസിലും ബ്രിട്ടനിലും മറ്റുമായി സി.എൻ.എൻ, ബി.ബി.സി തുടങ്ങിയ ചാനലുകളും സ്റ്റീവൻ എമേഴ്സനെപ്പോലുള്ള 'ഇസ്‌ലാമിക ഭീകരതാ വിദഗ്ധരും' ഇസ്‌ലാമിനെയും മുസ്‌ലിംകളെയും നിരന്തരം വിചാരണ ചെയ്തു. വാർത്തകളിലും ചർച്ചകളിലും ഇസ്‌ലാമിക ഭീകരത നിറഞ്ഞാടി. ദിവസങ്ങൾക്കുശേഷം കുറ്റവാളി ആരെന്ന് തെളിഞ്ഞു. ഗൾഫ് യുദ്ധത്തിൽ പങ്കെടുത്തിരുന്ന അമേരിക്കൻ പട്ടാളക്കാരനും ക്രൈസ്തവ മൗലികവാദിയുമായ തിമൊത്തി മക്‌വൈ ആയിരുന്നു ആൾ. 1995-ലെ ഒക്‌ലഹോമയാണ് 2007-ലെ കേരളത്തിലും ആവർത്തിച്ചത്. അതേ കുത്തുകൾ, അതേ ചിത്രം.

## നവ ഓറിയന്റലിസ്റ്റ് അവതരണങ്ങൾ

1990-കളിൽ 'ഇസ്‌ലാമോഫോബിയ' അക്കാദമിക വൃത്തങ്ങളിലും മുഖ്യധാരാ മാധ്യമങ്ങളിലും ശക്തമായ സാന്നിധ്യമറിയിച്ചു. ജർമൻ ഗവേഷകയും ഗ്രന്ഥകാരിയുമായ ആൻമാരി ഷിമലിന് (Annemarie Schimmel) ജർമൻ ബുക്ക് പബ്ലിഷേഴ്സ് അസോസിയേഷന്റെ സാഹിത്യപുരസ്കാരം നൽകി. അതിനെതിരെ ബഹുമാന്യ നോവലിസ്റ്റ് ഗുന്തർ ഗ്രസ് അടക്കം പലരും രംഗത്തുവന്നു. എതിർപ്പിനുകാരണമെന്തെന്നല്ലേ? സമ്മാനിത ഗ്രന്ഥം ഇസ്‌ലാമിനെയും ഇസ്‌ലാമിക സംസ്കാരത്തെയും ഉപജീവിച്ചെഴുതിയതായിരുന്നു. ഫാഷിസത്തെയും നാസിസത്തെയും പോലുള്ള ഭ്രാന്തൻ മതത്തിന് അവർ മാന്യത നൽകിക്കളഞ്ഞത്രെ!

ദാന്തെ, ഗിബൺ, സെർവാന്റിസ്, ബൈറൺ തുടങ്ങിയ വിഖ്യാതരായ എഴുത്തുകാരിലൂടെ മനസ്സിലുറച്ച 'മുസ്‌ലിം മതഭ്രാന്തിന്റെ' ചിത്രം ഗുന്തർ ഗ്രസിനെപ്പോലുള്ള എത്രയോ പേരെ സ്വാധീനിച്ചിട്ടുണ്ട്. അവരാരും കൺമുന്നിലുള്ള മുസ്‌ലിംകളെ പഠിക്കാൻ ശ്രമിച്ചിട്ടില്ല. പകരം, ആരൊക്കെയോ വരച്ചുവെച്ച വാർപ്പുകൾചോദ്യം ചെയ്യാതെ ഉപയോഗിച്ചു. ഓറിയന്റലിസ്റ്റ് അവതരണങ്ങളുടെ യാഥാർഥ്യം അവരന്വേഷിച്ചില്ല. ഇന്ത്യൻ വംശജനായ നയ്പോളും ഇന്ത്യക്കാരനായ അരുൺ ഷൂരിയും മലയാളിയായ ആനന്ദുമെല്ലാം ഈ വാർപ്പു ചിത്രങ്ങളാണ് ഏറ്റെടുത്തത്. അക്രമം ചെയ്തവരിൽ മു


ആൻമാരി ഷിമൽ


കുൽദീപ് നയാർ

**അക്രമികൾ എല്ലാ സമുദായങ്ങളിലുമുണ്ട് എന്നതാണ് യാഥാർഥ്യം. എന്നാൽ അക്രമം നടക്കുമ്പോഴേക്കും, അന്വേഷണം തുടങ്ങും മുമ്പേ 'മുസ്‌ലിം ഭീകരത' എന്ന് തീർപ്പുകൽപ്പിച്ചാണ് പലരുടെയും പോക്ക്. മുസ്‌ലിംകളുമായി സ്ഥിരസമ്പർക്കമുള്ള കോഴിക്കോടൻ പത്രലേഖകരെപ്പോലും മിഠായിത്തെരുവ് വഴിതെറ്റിച്ചത് ഉദാഹരണം.**

സ്‌ലിംകളിൽ ഒട്ടുമില്ലെന്നല്ല. മറ്റു വിഭാഗങ്ങളിലെപ്പോലെ അവർക്കിടയിലും അക്രമികളും അസഹിഷ്ണുക്കളുമുണ്ട്. എന്നാൽ മറ്റുമതവിഭാഗങ്ങളിലെ 'കറുത്ത ആടുകളെ' ശ്രദ്ധാപൂർവം ആ മതത്തിൽ നിന്ന് വേർപ്പെടുത്തിയപ്പോൾ മുസ്‌ലിം അക്രമികളെ മൊത്തം ഇസ്‌ലാമിന്റെ മാതൃകകളാക്കി സാമാന്യവത്കരിച്ചു. 2001 സെപ്റ്റംബർ 11-ന്റെ യഥാർഥ കുറ്റവാളി ആരെന്ന് ഖണ്ഡിതമായി തീരുമാനിക്കുന്നതിനുമുമ്പേ സർവലോക മുസ്‌ലിം സമൂഹം പ്രതിക്കൂട്ടിലെത്തി. എന്നാൽ വെനിസ്വേലൻ പ്രസിഡന്റ് ഹ്യൂഗോ ചാവേസിനെ സി.ഐ.എയെ വിട്ട് കൊല്ലണമെന്ന് 2005-ൽ പരസ്യമായി ആവശ്യപ്പെട്ട അമേരിക്കൻ ഇവാഞ്ചലിസ്റ്റ് പാറ്റ് റോബർട്സനെ മതതീവ്രവാദി എന്നുപോലും ആരും വിളിച്ചില്ല. അല്ല, *ഫോകസ് ന്യൂസി*ലെ ചർച്ചക്കിടെ 'വിദഗ്ധൻ' വെയൻ സിമൺസ് ഇവാഞ്ചലിസ്റ്റിന്റെ ആഹ്വാനത്തെ പിന്തുണച്ചു. സൽമാൻ റുഷ്ദിക്കെതിരെ വധാഹ്വാനമിറക്കിയ ഇറാൻ നേതാവ് ആയത്തുല്ലാ ഖുമൈനിയുടെ 'മതവിധി'യെ പലകുറി വിമർശിച്ചവർ ചാവേസിനെതിരായ 'മതവിധി'യെപ്പറ്റി മൗനം പാലിച്ചു. സ്പഷ്ടമായ വിവേചനത്തിനു മുന്നിൽപ്പോലും നെല്ലും പതിരും വേർതിരിക്കാൻ ബുദ്ധിജീവികൾക്കുവരെ കഴിയാതിരിക്കെ മറ്റുള്ളവരുടെ കാര്യമെന്തുപറയാൻ! ന്യൂയോർക്കിൽ ഭീകരാക്രമണം നടന്നതിനുശേഷം പാലക്കാട് കഞ്ചിക്കോട്ടെ പെപ്സിക്കമ്പനിയിൽ മുസ്‌ലിം ജീവനക്കാരെ പരിശോധന നടത്തിയിട്ടാണ് അകത്തേക്ക് കടത്തിവിടുന്നതെന്ന് റിപ്പോർട്ടുണ്ടായിരുന്നു. അമേരിക്കയിൽ ബോംബു വീണാലും ഇവിടെ കുട ചൂടണമല്ലോ....!

അമേരിക്കയിൽ ഭീകരാക്രമണം നടന്നശേഷം അഫ്ഗാനിസ്താനെ (പിന്നീട് ഇറാഖിനെയും) കടന്നാക്രമിക്കാൻ മുസ്‌ലിം ഗ്രൂപ്പുകളുടെ 'ഭീകരത'തന്നെ അമേരിക്ക ന്യായമാക്കി. അമേരിക്ക വളർത്തിയ ഉസാമാ ബിൻലാദിനും സംഘവും രായ്ക്കുരാമാനം അമേരിക്കയുടെ ശത്രുവായി. ജിഹാദ്, മുസ്‌ലിം/ഇസ്‌ലാമിക ഭീകരത തുടങ്ങിയ പദങ്ങൾ അമേരിക്കക്ക് പുതിയ പിടിവള്ളികളായി, ജനസമൂഹങ്ങളെ കടന്നാക്രമിക്കാനും കീഴ്പ്പെടുത്താനും. അൽഖാഇദ, ലശ്കറെ ത്വയ്ബ, ജെയ്ഷെ മുഹമ്മദ് തുടങ്ങിയ സംഘങ്ങൾ ഉണ്ടാകുന്നതിന് മുമ്പും ശേഷവും മറ്റനേകം തീവ്രവാദ/ഭീകര സംഘടനകൾ അക്രമങ്ങളുമായി രംഗത്തുണ്ട്. എൽ.ടി.ടി.ഇ എന്ന ശ്രീലങ്കൻ ഭീകരസംഘത്തിൽ കൂടുതലും ഹൈന്ദവരാണ്. ബെൽറ്റിൽ ബോംബു കെട്ടിവെച്ച് രാജീവ് ഗാന്ധിയെ കൊന്ന ധനു ഹിന്ദുവായിരുന്നു. ഐറിഷ് റിപ്പബ്ലിക്കൻ ആർമി, ക്രൈസ്തവർ മാത്രമുൾക്കൊള്ളുന്ന ഭീകര പ്രസ്ഥാനമാണ്. ഇന്ത്യയുടെ വടക്കുകിഴക്കൻ മേഖലയിൽ സജീവമായി പ്രവർത്തിക്കുന്ന ഭീകരഗ്രൂപ്പുകളിൽ ഹൈന്ദവരും ക്രൈസ്തവരുമാണുള്ളത്. ഇസ്രയേൽ എന്ന രാഷ്ട്രം ഉണ്ടാകുന്നതിനുമുമ്പ്, 1946 ജൂലൈയിൽ, ഫലസ്തീനിലെ ബ്രിട്ടീഷ് സർക്കാർ ആസ്ഥാനമായിരുന്ന ജറൂസലമിലെ കിംഗ് ഡേവിഡ് ഹോട്ടൽ ബോംബിട്ടു തകർത്തവർ യഹൂദരായിരുന്നു. രാഷ്ട്രീയ ലക്ഷ്യങ്ങൾ നേടാനായി ഭീകരപ്രവൃത്തികളിലേർപ്പെടുന്ന അനേകം സംഘടനകൾ ലോകത്തെങ്ങുമുണ്ട്. ബോഡോലാൻഡിലെ എൽ.ഡി.എഫ്, ഓൾ ത്രിപുര ടൈഗർ ഫോഴ്സ്, ഖലിസ്ഥാൻ പ്രസ്ഥാനം, ഉൾഫ, ജപ്പാനീസ് റെഡ് ആർമി, ലോർഡ്സ് സാൽവേഷൻ ആർമി, സ്പെയിനിലെ ഇ.ടി.എ, ഫ്രാൻസിലെ കോർസിക്കൻ ഗ്രൂപ്പുകൾ, ഇസ്രയേലിലെ കാഖ്, കഹാനെഖായ് തുടങ്ങിയവയിലൊന്നും മുസ്‌ലിംകളേ ഇല്ല.

(തുടരും)